പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3637 | 26.06.2012 -ലെ മറുപടി

ഗ്ലോബൽ പൊസിഷനിംഗ് സമ്പ്രദായം

ചോദ്യം

ശ്രീ. വി. ശശി

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | മൊബൈൽ ഫോൺവഴി കെ.എസ്.ആർ.ടി.സി ബസ് സമയം അറിയുന്നതിനുള്ള സമ്പ്രദായം ഏതെല്ലാം ഡിപ്പോകളിൽ നിന്നും പുറപ്പെടുന്ന ബസുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്; | (എ) | സംസ്ഥാനത്തിനകത്തുള്ള എല്ലാ ബസ് സ്റ്റേഷനിൽ നിന്നുമുള്ള സൂപ്പർ ഫാസ്റ്റ് മുതൽ മുകളിലോട്ടുള്ള എല്ലാ അപ്പർ ക്ലാസ്സ് സർവ്വീസുകളുടെയും, പ്രധാനപ്പെട്ട ഓർഡിനറി, ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകളുടെയും സമയ വിവരപ്പട്ടിക SMS വഴി ഇപ്പോൾ മൊബൈൽ ഫോണിൽ ലഭ്യമാകുന്നുണ്ട്. ഫാസ്റ്റ് പാസഞ്ചർ ബസ്സുകളുടെ സമയ വിവരംകൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. |
| (ബി) | ഗ്ലോബൽ പൊസിഷനിംഗ് സമ്പ്രദായം കെ.എസ്.ആർ.ടി.സി.യിൽ നടപ്പാക്കാൻ കഴിഞ്ഞ വർഷം എന്ത് തുക ചെലവാക്കിയെന്ന് വെളിപ്പെടുത്തുമോ; എങ്കിൽ പ്രസ്തുത തുക ഏതെല്ലാം ഇനങ്ങളിലാണ് ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ? | (ബി) | ഗ്ലോബൽ പൊസിഷനിംഗ് സംവിധാനം നടപ്പാക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന്റെ വിഹിതമായ രണ്ട് കോടി രൂപയും, കേന്ദ്ര വിഹിതമായ ഒരു കോടി രൂപയുമാണ് ലഭിച്ചത്. ടി തുക ടി സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള അടിസ്ഥാനസൗകര്യ വികസനവുമായി ബന്ധപ്പെട്ട് കംപ്യൂട്ടറുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങുവാൻ ഉപയോഗിക്കുകയും ടി സംവിധാനം നടപ്പാക്കുന്നതിനുള്ള മറ്റ് നടപടികൾ ത്വരിതഗതിയിലുമാണ് നടന്നു വരുന്നത്. |

സെക്ഷൻ ഓഫീസർ